**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2995** **13-10-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുതലത്തിൽ യുവജന കൂട്ടായ്മകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സാമൂഹിക തിന്മകൾക്കെതിരെ പഞ്ചായത്തുതലത്തിൽ സ്ഥിരം യുവജന കൂട്ടായ്മകൾ രൂപീകരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ സംസ്ഥാനത്തെ യുവതികളുടെ ശാക്തീകരണം ലക്ഷ്യമിട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കീഴിൽ ഓരോ യുവതീ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതി അനുമതിക്കായി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ യുവജന കൂട്ടായ്മകൾ സംഘടിപ്പിക്കുന്ന പദ്ധതി കേരള സംസ്ഥാന യുവജന കമ്മീഷന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ട്. |
| (ബി) | അപ്രകാരം രൂപീകരിക്കപ്പെടുന്ന യുവജന സംഘടനകളെ സാമൂഹ്യ വിപത്തുകൾക്കെതിരെ ബോധവത്ക്കരണം നടത്തി സന്നദ്ധപ്രവർത്തകരായി നിലനിർത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിക്കാനുദ്ദേശിക്കുന്ന യുവതീ ക്ലബ്ബുകളിൽ അടിസ്ഥാന സൗകര്യ വികസനം, ലൈബ്രറി, നിയമസഹായ സമിതി, കൗൺസലിംഗ് സെന്റർ, സ്വയംപരിശീലനത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നു. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വനിതാവികസന പദ്ധതികൾ, സ്ത്രീധനം, ഗാർഹിക പീഢനം, ലൈംഗികാതിക്രമങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, കലാ-കായിക വികസന പരിപാടികൾ, സ്വയംസംരംഭകത്വ തൊഴിൽ പരിശീലന നൈപുണ്യവികസന പദ്ധതികൾ തുടങ്ങിയവയും ഈ ക്ലബ്ബുകൾ വഴി നടപ്പിലാക്കുന്നു. കേരള സംസ്ഥാന യുവജനകമ്മീഷൻ യുവജനങ്ങളിൽ സാമൂഹിക തിന്മകൾക്ക് എതിരേ ജില്ലകൾ കേന്ദ്രീകരിച്ചും ലൈബ്രറി കൗൺസിൽ മുഖേന ലൈബ്രറികൾ കേന്ദ്രീകരിച്ചും , ക്ലബ്ബുകൾ, കോളേജുകൾ, കോളനികൾ, യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള മേഖലകൾ എന്നിവിടങ്ങളിലും സാമൂഹിക വിപത്തുകൾക്ക് എതിരേ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ